ഞാറയ്ക്കാട്ടുവിള ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനം

1780 [2702] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജക മണ്ഡലത്തിലെ ഞാറക്കാട്ടുവിള ഹരിജൻ കോളനിയിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനുവേണ്ടി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഞാറയ്ക്കാട്ടുവിളയിൽ പട്ടികജാതി വികസന വകുപ്പ് അംഗീകരിച്ച കോളനിയില്ല. അതിനാൽ ഈ പ്രദേശത്ത് പ്രത്യേകിച്ച് പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

കണ്ണത്തുമൂല ഹരിജൻ കോളനിയിലെ പട്ടികജാതി—പട്ടിക വർഗ്ഗക്കാരുടെ ഉന്നമനം

1781 [2703] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിലെ കണ്ണത്തുമൂല ഹരിജൻ കോളനിയിലെ പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെയും മറ്റും ഉന്നമനത്തിനുവേണ്ടി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കിളിമാനൂർ നിയോജക മണ്ഡലത്തിൽ കണ്ണത്തുമൂല എന്ന സ്ഥലത്ത് പട്ടികജാതി വികസന വകുപ്പ് അംഗീകരിച്ചിട്ടുള്ള ഹരിജൻ കോളനി ഇല്ല. അതിനാൽ ചോദ്യം ഉദിക്കുന്നില്ല.

പറണ്ടക്കുഴി ഹരിജൻ കോളനിയിലെ പട്ടികജാതി—പട്ടിക വർഗ്ഗക്കാരുടെ ഉന്നമനം

1782 [2704] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ പറണ്ടക്കുഴി ഹരിജൻ കോളനിയിലെ പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെയും മറ്റും ഉന്നമനത്തിനുവേണ്ടി ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പറണ്ടക്കുഴി ഹരിജൻ കോളനിയല്ല; ഹരിജൻ സങ്കേതമാണ്. ഈ സങ്കേതത്തിലെ പട്ടികജാതി—പട്ടികവർഗ്ഗക്കാർക്ക് പ്രത്യേകമായി സഹായ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly